**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 235** **22-07-2021 - ൽ മറുപടിയ്ക്ക്**

**സൗരമേൽക്കൂര വൈദ്യുത നിലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സൗരമേൽക്കൂര വൈദ്യുത നിലയങ്ങളുമായി ബന്ധപ്പെട്ട് തൃശ്ശൂർ മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ? | (എ) | കെ. എസ്. ഇ. ബി. എൽ. മുഖാന്തിരം തൃശ്ശൂർ നിയോജക മണ്ഡലത്തിൽ 1 MW ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 116 സൈറ്റുകളിലായി പുരോഗമിച്ചു വരുന്നു. ഇതിൽ എഞ്ചിനീയറിംഗ് കോളേജ് (300 KW), പോലീസ് അക്കാഡമി (100 KW), ഐ.ആർ.ബി. ബറ്റാലിയൻ (100 KW) എന്നീ ഗവൺമെന്റ് സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. കൂടാതെ, ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നൽകി സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന്റെ ഭാഗമായുള്ള സർവ്വേ നടപടികൾ 249 സൈറ്റുകളിൽ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് വരുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ പുരപ്പുറത്ത് 150 കിലോവാട്ട് പീക്ക് സ്ഥാപിതശേഷിയുള്ള സൗര നിലയം വയ്ക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ തൃശ്ശൂർ മെഡിക്കൽ കോളേജ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമായി ധാരണാപത്രം ഒപ്പിടാത്തതിനാൽ നാളിതുവരെയും പദ്ധതി തുടങ്ങാനായിട്ടില്ല. തൃശൂർ നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന സർക്കാർ മാനസിക ആരോഗ്യകേന്ദ്രത്തിൽ 10kWp ശേഷിയുള്ള ഹൈബ്രിഡ് റൂഫ്ടോപ് സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന്റെ പ്രവൃത്തി അനെർട്ട് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 9.72 ലക്ഷം രൂപ അനെർട്ടിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സൗരോർജ്ജ നിലയം തൃശൂർ കോർപ്പറേഷന്റെ ഇലക്ട്രിസിറ്റി ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിനുള്ള അനുമതിയ്ക്കായി കോർപ്പറേഷൻ ഇലക്ട്രിസിറ്റി വിഭാഗത്തിന് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. അനുമതി ലഭിച്ചതിനുശേഷം സൗരോർജ്ജ നിലയം കമ്മീഷനിംഗ് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ